കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.പി14-24/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-29.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊടുമ്പ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡിക കളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധ പ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം(ഇ മെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.പി14-24/2017 തിയ്യതി:29.12.2016.

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.02.2016 മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാന ത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.11.2016 മുതൽ 18.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.വി. അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി. രാമകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സി.എസ് അനില | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | വി ശശിധരൻ | 01.04.15 മുതൽ 31.10.15 വരെ |
| | എസ് ഷൈലജ | 01.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | എൻ വിനോദ്കുമാർ | 01.04.15 മുതൽ 31.03.16 വരെ |
| നിർവ്വണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.റീജ എസ് രാജ് | 01.04.15 മുതൽ 08.06.15 വരെ |
| | ശ്രീമതി.നിർമ്മല.കെ | 09.06.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഹേമ.എ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.ജോവിത പുത്തൂർ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | സൂസമ്മ ജോർജ്ജ് | 01.04.15മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടി.ആർ. ജയകുമാർ | 01.04.15 മുതൽ .31.03.16വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | സുമിത്ര.വി.പി. | 01.04.15 മുതൽ 31.12.15 വരെ |
| | ബേബി കെ കേലത്ത് | 01.01.16 മുതൽ .31.03.16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഫൈസൽ.പി.കെ | 01.04.15 മുതൽ 31.03.16 വരെ |
| | ദീപ.സി | 01.04.15മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | രവി.ജി.വി | 01.04.15മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | എൻ.ആർ.ഉമാദേവി | 01.04.15 മുതൽ 16.12.15 വരെ |

| | | |
|---|---|---|
| | കൊച്ചനാരായണി | 17.12.15 മുതൽ 31.03.16 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1 പൊതു വിവരങ്ങൾ

--

## 1 പൊതു വിവരങ്ങൾ .

1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 19.3.2015 തിയതിയിലെ 1-)0 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 25.7.2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16.11.2016 | |

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 31213531

വരവ് -43540170

ആകെ -74753701

ചെലവ് -50988165

നീക്കിയിരിപ്പ്-23765536

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റു ഫണ്ടിൽ നിന്നുള്ള വിഹിതം | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 146505 | 4275209 | 5948022 | 10369736 | 8088931 | 2280805 to Govt. | 100 |
| വികസനഫണ്ട് എസ്.സി.പി. | 3037302 | | 5846532 | 8883834 | 8883834 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2663087 | | 5852804 | 8515891 | 7989745 | 526146 to MG(NR) | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 338035 | 526146 | 1677146 | 2541327 | 2203292 | 338035 To Govt | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2618840 | | 5379204 | 7998044 | 3722835 | 4275209 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | | 0 | 0 | 0 | 0 | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 51195650 | 99 | 35500940 | 12 | 28 | 71.22% |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.3 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6150676 | 5394327 | 756349 (-) | 12%(-) |
| നികുതിയേതര വരവുകൾ (ഫീസുകൾ) | 438029 | 801796 | 363767 | 83%(+) |
| മറ്റുവരവുകൾ | | | | |
| ജി.പി.ജി | 6044222 | 6401348 | 357126 (+) | 6%(+) |
| പിഴ | 269840 | 145893 | 123947 (-) | 46%(-) |
| റോഡ് കട്ടിംഗ് | 2500 | 6000 | 3500 (-) | 140 (-) |
| പലിശ | 464925 | 599872 | 134947 (+) | 29 (+) |
| വെള്ളക്കരം | 494340 | 427630 | 66710 (-) | 13(-) |
| ലേലം | 34720 | 16935 | 17785 (-) | 59(-) |
| വാടക | 172675 | 226846 | 54171 (+) | 31(+) |
| മറ്റുള്ളവ | 104844 | 108299 | 3455 (+) | 3(+) |
| ആകെ | 14176771 | 14128946 | 47825 (-) | 0.3 (-) |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78600 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 4540890 | 696 |
| വിധവാപെൻഷൻ | 6533080 | 763 |
| വാർദ്ധക്യകാലപെൻഷൻ | 6583470 | 1150 |
| വികലാംഗപെൻഷൻ | 1879945 | 214 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 365800 | 46 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.16-ം തീയതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 652/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളും മറ്റു രേഖകളും കൃത്യമാക്കിവെക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളുടേയും വസ്തുനികുതി നിർണ്ണയി ച്ചിട്ടില്ല. ലഭിക്കുന്ന തപാലുകൾക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.5.2016 മുതൽ 24.5.2016 വരെ 20.6.2016 മുതൽ 21.6.2016 വരെ | 1.4.2016 മുതൽ 31.5.2016 വരെ | 28.7.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.5.2008 മുതൽ 4.6.2008 വരെ | 1997-98 മുതൽ 2007-08 വരെ | 11.7.2008 |

# 1-1 ബജറ്റ്

-----

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - നികുതി നിർണ്ണയത്തിൽ അപാകത

1)ശാന്തിഗിരി ആയുർവേദ ആശുപത്രി, മെഡിക്കൽ കോളേജ്, ആശ്രമം - വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനപരിശോധിക്കേണ്ടതും നികുതി നിർണ്ണയിക്കുവാൻ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

ശാന്തിഗിരി ആയുർവേദ ആശുപത്രി, മെഡിക്കൽ കോളേജ്, ആശ്രമം എന്നിവയുടെ ആവശ്യത്തിനായി നിർമ്മാണം പൂർത്തിയായി പഞ്ചായത്ത് രേഖകൾ പ്രകാരം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉപയോഗം | പഞ്ചായത്ത് രേഖകൾ പ്രകാരം വിസ്തീർണ്ണം (ച മീ) | വസ്തുനികുതി |
|---|---|---|---|---|
| 1 | 10/257 | ജെന്റ്സ് ഹോസ്റ്റൽ (ഗ്രൗണ്ട് ഫ്ലോർ &ഫസ്റ്റ് ഫ്ലോർ) | 158 | 454 |
| 2 | 10/336 | ആശ്രമം ഓഫീസ് | 18 | നികുതി ഒഴിവ് |
| 3 | 10/340 | ആയുർവേദ ആശുപത്രി | 10 | നികുതി ഒഴിവ് |
| 4 | 10/341 | അനാട്ടമി വിഭാഗം | 10 | നികുതി ഒഴിവ് |
| 5 | 10/342 | ഷോപ്പ് & കാന്റീൻ | 10 | നികുതിഒഴിവ് |
| 6 | 10/343 | അനാട്ടമി വിഭാഗം | 10 | നികുതിഒഴിവ് |
| 7 | 10/344 | അനാട്ടമി വിഭാഗം | 10 | നികുതിഒഴിവ് |
| 8 | 10/345 | മരുന്നു നിർമ്മാണം -ഓട്ടുപ്പുര | - | നികുതിഒഴിവ് |
| 9 | 10/455 | മെഡിക്കൽ കോളേജ്- ഗ്രൗണ്ട് ഫ്ലോർ | 1175 | 8883 |

| | | | | |
|---|---|---|---|---|
| 10 | 10/456 | മെഡിക്കൽ കോളേജ്- സെല്ലാർ | 945 | 5954 |
| 11 | 10/501 | മെഡിക്കൽ കോളേജ്- ഫസ്റ്റ് ഫ്ലോർ | 1339.98 | 5066 |
| 12 | 10/502 | മെഡിക്കൽ കോളേജ്- സെക്കന്റ് ഫ്ലോർ | 1339.98 | 5066 |
| 13 | 10/559 | മെഡിക്കൽ കോളേജ്- തേർഡ് ഫ്ലോർ | 1445 | 5463 |
| 14 | 10/460 | ഡയറി ഫാം | 64.1 | 486 |
| 15 | 10/557 | സീവ്വേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 54 | 2835 |

16.11.2016-ം തിയതി സെക്ഷൻ ക്ലർക്കിന്റെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം സ്ഥാപനം നേരിൽ പരിശോധിച്ചതിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | നിരീക്ഷണം |
|---|---|
| 1 | കെട്ടിടങ്ങളുടെ വിസ്തീർണ്ണം പുനപരിശോധിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| 2 | 18 ച.മീ വിസ്തീർണ്ണമുള്ള ആശ്രമകെട്ടിടം എന്ന് രേഖപ്പെടുത്തി നികുതി ഒഴിവാക്കിയിരിക്കുന്നു. പ്രസ്തുത കെട്ടിടം ഓഫീസുപയോഗത്തിനായി പ്രയോജനപ്പെടുത്തി യിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ ബോധ്യ മായിട്ടുള്ളതിനാൽ നികുതി ഒഴിവാക്കിയത് ക്രമപ്രകാരമല്ല |
| 3 | നാലുനിലകളിലായി പ്രവർത്തിച്ചുവരുന്ന ആയുർവേദ ആശുപത്രിയുടെ വിസ്തീർണ്ണം 10ച മീ ആയി കാണിച്ച് നികുതി ഒഴിവാക്കിയത് ക്രമപ്രകാരമല്ല. |

| | |
|---|---|
| 4,6,7 | അനാട്ടമി ഡിപ്പാർട്ട്മെന്റ് മൂന്നനിലകളിലായി പ്രവർത്തി ക്കുന്നു. മൂന്നനിലകളുടെയും വിസ്തീർണ്ണം 10 ചമീ വീതം മാത്രം കാണിക്കുകയും നികുതി ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ഇത് പുനപരിശോധിക്കേണ്ടതാണ്. |
| 5 | നാലുനിലകളിലായി സ്ഥിതി ചെയ്യുന്ന ലേഡീസ് ഹോസ്റ്റലിന്റെ താഴത്തെ നിലയിലാണ് ഷോപ്പും കാന്റീനും പ്രവർത്തിച്ചു വരുന്നത്. ആയതിൽ കാന്റീനിന്റെയും ഷോപ്പിന്റെയും നികുതി ഒഴിവാക്കിയിരിക്കുന്നു. ലേഡീസ് ഹോസ്റ്റലിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല. ഇവ പുനപരിശോധിച്ച് മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്, |
| 8 | മരുന്നു നിർമ്മാണത്തിനായി ഓട്ടുപുരയിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല. ആയത് പുനപരിശോധിച്ച് കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 9,10,11,12,13 | ആകെ അഞ്ചുനിലകളിലായി പ്രവർത്തിക്കുന്ന കെട്ടിട ത്തിന്റെ ആറാം നിലയുടെ നിർമ്മാണം തുടങ്ങിവെച്ചിരി ക്കുന്നു. കെട്ടിടങ്ങളുടെ വിസ്തീർണ്ണം പുനപരിശോധിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |

ആശ്രമത്തിലെ ഡൈനിംഗ് ഹാൾ, അന്തേവാസികളുടെ താമസസ്ഥലം, ഔട്ട് പേഷ്യന്റ് ഡിപ്പാർട്ട്മെന്റ് എന്നിവക്ക് കെട്ടിടനമ്പർ ലഭ്യമാക്കുകയോ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനത്തിന്റെ കീഴിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം പുനപരിശോധിച്ച് കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതും നികുതി നിർണ്ണയിക്കുവാൻ ശേഷിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി അടിയന്തിരമായി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

2)ശ്രീമതി സപ്ന കെ റാണി, w/oഗിരീഷ്, അയ്യപ്പൻകാവ്, കരിങ്കരപ്പിള്ളി - യുടെ പേരിൽ 60ച. മീ -ൽ താഴെ വിസ്തീർണ്ണം എന്ന് രേഖപ്പെടുത്തി രണ്ട് കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിയിരിക്കുന്നു. 27.04.15-ലെ സ.ഉ (എം എസ്) നം. 144/15 ത സ്വ ഭ വ പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ (60 ച മീ) വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളേയും വസ്തുനികുതിയിൽ നിന്നും 2015-16 മുതൽ ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 16.12.15-ലെ സ.ഉ (എം എസ്) നം. 1358/15 ത സ്വ ഭ വ പ്രകാരം മേലുത്തരവിനു നൽകിയ സ്പഷ്ടീകരണം പ്രകാരം മേൽ ആനുകൂല്യം ഒരു കുടുംബത്തിന്റെ കുടുംബനാഥ/ കുടുംബനാഥന്റെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടിയാളുടെ പേരിൽ അനുവദിച്ച വാസഗൃഹങ്ങളിൽ 660 സ്ക്വയർ ഫീറ്റിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ഒരെണ്ണത്തിനെ

ഒഴിവാക്കി ശേഷിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

3) താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്

| കെട്ടിട നം | ഉപയോഗം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|
| 6/44 | റൈസ് മിൽ (ഡി ഒ ലൈസൻസ് 15-16 അഡ്വാൻസ് രജിസ്റ്റർ ക്രമ നം. 54) | പാർപ്പിടം |

നികുതി നിർണ്ണയത്തിൽ പാർപ്പിട ആവശ്യത്തിന് എന്ന രേഖപ്പെടുത്തിയ കെട്ടിടം വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ച് വരുന്നത്. കെട്ടിടത്തിന്റെ തരം മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന്റെ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

4) 2015-16 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഫ്ലാറ്റുകൾ, കോമേഴ്സ്യൽ കെട്ടിടങ്ങൾ എന്നിവയുടെ പണിപൂർത്തിയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേരും മേൽ വിലാസവും | കെട്ടിടത്തിന്റെ തരം | |
|---|---|---|---|
| I/753-771, I/792-812 (19 + 21) | രാജൻ, S/Oകൃഷ്ണൻ, ബിൽടെക് പവലിയൻ<br>കാടാംകോട് | റസിഡൻഷ്യൽ ഫ്ലാറ്റ് | ഫയലിൽ ലഭ്യമായ 14 നിലകളോടു കൂടിയ കെട്ടിടങ്ങളുടെ പ്ലാൻ സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവർ അംഗീകരിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയ രേഖകളിൽ 15-16-ൽ നികുതി നിർണ്ണയിച്ച 40 കെട്ടിടങ്ങൾ ഏത് നിലകളിലാണ് എന്നുള്ളത് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 2/1106-1108, 1139-1143, 1151-1152 | അനസ് കുന്ദേരി & ഷഹനാസ്, പിരിവുശാല, ചന്ദ്രനഗർ | കമ്മേഴ്സ്യൽ | അംഗീകരിച്ച പെർമിറ്റിന്റെ പകർപ്പിൽ ഗ്രൗണ്ട് , ഫസ്റ്റ്, ടെറസ് - മൂന്ന ഫ്ലോറുകളിലുമായി ആകെ 999 ച മീ വിസ്തീർണ്ണ മുള്ള കമ്മേഴ്സ്യൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയിരിക്കുന്നത്. ഫയലിൽ ലഭ്യമായ പ്ലാൻ ഗ്രൗണ്ട് മുതൽ സെക്കന്റ് ഫ്ലോറുകൾ വരെയുള്ള കെട്ടിടങ്ങളുടേതാണ്. ആയത് സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 2/1111-1130,1135 | എ രാധാകൃഷ്ണൻ, ശബരി എൻക്ലേവ്, ബി പി എൽ കൂട്ടുപാത | അപ്പാർട്ട്മെന്റ് | ഗ്രൗണ്ട് ഫ്ലോർ മുതൽ തേർഡ് ഫ്ലോർ വരെയുള്ള കെട്ടിടങ്ങളുടെ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അംഗീകരിച്ച പ്ലാൻ ലഭ്യമാക്കിയിട്ടില്ല. |

ബഹുനില കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അംഗീകരിച്ച പ്ലാനിന് അനുസൃതമായി മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തേണ്ടതും നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ കെട്ടിടങ്ങളെയും നികുതി നിർണ്ണയത്തിലുൾപ്പെടുത്തിയിട്ടുണ്ട് എന്ന് സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതുമാണ്. സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവർ അംഗീകരിച്ച പ്ലാൻ ലഭ്യമാക്കി അതുപ്രകാരമാണ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽവിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/17.11.16) -യ്ക്ക് നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ ഉടൻതന്നെ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

1)പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ്, ഡ്രൈവർ എന്നിവരിൽ നിന്നും 2015-16സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പേര് | ഒന്നാം അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | രണ്ടാം അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| ഷാജഹാൻ, ഡ്രൈവർ | 71100 | 600 | 76500 | 720 |
| സുനിത ആർ ടെക്നിക്കൽ അസിസ്റ്റന്റ് | 66852 | 600 | - | - |
| പൂജ കൃഷ്ണ ടെക്നിക്കൽ അസിസ്റ്റന്റ് | - | - | 33097 | 300 |
| ആകെ | | 1200 | | 1020/- |

രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി (ആകെ തുക 2220 രൂപ) ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2) പഞ്ചായത്തിലെ അംഗീകൃത കരാറുകാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ,എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന ജനറൽ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് & പ്രൊസസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപനത്തിന്റെ നികുതി ഈടാക്കിയിട്ടില്ല.

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി റിട്ടേണുകൾ സ്ഥാപന

മേധാവികളിൽ നിന്നും ലഭ്യമാക്കി വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.5/14.11.16- ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 മൊബൈൽ ടവർ നികുതി കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിൽ നിന്നും രേഖാമൂലം ലഭ്യമായ കണക്കനുസരിച്ച് 7 മൊബൈൽ ടവറുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഇതിൽ നാലു മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കുവാനുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | ടവർ നടത്തുന്ന ഏജൻസിയുടെ പേര് | ഈടാക്കേണ്ട വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 8/308 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 6300 | 2008-09 മുതൽ |
| 2 | 1/89 | ഡിഷ് നെറ്റ് വയർലെസ് ലിമിറ്റഡ് | 454 | 2009-10 മുതൽ |
| 3 | 1/628 | വൊഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 454 | 2010-11 മുതൽ |
| 4 | 10/465 | ഇൻഡസ് ടവർ ലിമിറ്റഡ് | 11970 | 2011-12 മുതൽ |

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്. ക്രമ നം. 2,3 എന്നിവയിൽ ഇതു പ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കേണ്ടതുമാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വാടകകെട്ടിടങ്ങളായ 8/617-ം നമ്പർ കടമുറിയിൽ പ്രവർത്തിച്ചിരുന്ന എസ് സി കോപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിലെയും (3300+3600+3780+3960) 3/524 നമ്പർ കടമുറി ഉപയോഗിച്ചിരുന്ന ജഗദീഷിൽ നിന്നും 2014-15 കാലയളവിലെയും വാടക കുടിശ്ശിക 1980രൂപ ഈടാക്കുവാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/09.11.16)-യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യനികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പരസ്യനികുതി സംബന്ധിച്ച് ബൈലോ രൂപീകരിക്കുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുന്നപക്ഷം നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണസമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി അനുവദിക്കപ്പെട്ട കാലാവധിയിൽ അധികരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമായ മുഴുവൻ പിഴയും ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും ആദ്യത്തെ മൂന്ന് മാസത്തിന് 1%, അടുത്ത ഓരോ മൂന്ന് മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1. പ്രവൃത്തി :കണക്കു വളപ്പ് എസ്.സി കോളനി റോഡ് റീ ടാറിങ് & കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം : 94/15,104/ 16

അടങ്കൽ : 340000

പി.എ.സി. : 338182

കരാറുകാരൻ : ശിവദാസ്.പി.കെ

എഗ്രിമെന്റ് തീയതി : 11.12.2014

പൂർത്തീകരിക്കേണ്ട തീയതി : 31.03.2015

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 29.4.2015

ഈടാക്കേണ്ട പിഴ :

1.04.15മുതൽ 28.4.2015 വരെ: 338182 x1% x 28/90=1052

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ : 1052

എം. ബുക്ക് നം. :7/14-15

ബിൽ നം : 9/15-16/22.7.2015

2. പ്രവൃത്തി :മുല്ലേരി കനാൽ ബണ്ട് റോഡ് മെറ്റലിങ്

പ്രൊജക്റ്റ് നം : 77/15,101/ 16

അടങ്കൽ : 150000

പി.എ.സി. : 150000

കരാറുകാരൻ : ശിവദാസ്.പി.കെ

എഗ്രിമെന്റ് തീയതി : 11.12.2014

പൂർത്തീകരിക്കേണ്ട തീയതി : 31.03.2015

പിഴകൂടാതെയുള്ള ദീർഘീകരണം : 22.4.2014

പൂർത്തീകരിച്ച തീയതി : 6.8.2015

ഈടാക്കേണ്ട പിഴ :

23.4.15മുതൽ 22.7.2015 വരെ: 150000 x 1% = 1500

23.7.15മുതൽ 5.8.2015 വരെ: 150000 x 2% x 13/90 = 433

ഈടാക്കിയ പിഴ : 1500

ഈടാക്കാൻ ബാക്കി പിഴ : 433

ബിൽ നം : 11/15-16/ 18.8..2015

പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 1485 രൂപ (1052+433) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# 3-2 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1.പ്രവൃത്തിയുടെ പേര് : ആറ്റിങ്ങൽ റോഡ് കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം : 83/15-16

അടങ്കൽ : 185000

പി.എ.സി :184410

ചെലവ് : 146154

ബിൽ നം : 20/15-16/30.10.2015
നിർവഹണം : സെക്രട്ടറി

കരാറുകാരൻ : രമണൻ

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :16.7.2015

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :20.7.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 4.8.2015

എഗ്രിമെന്റ് വെച്ച തീയതി : 7.9.2015

ഈടാക്കേണ്ട പിഴ : 1844

ഈടാക്കിയ പിഴ : 0

ബാക്കി : 1844

പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 1844 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

2.പ്രവൃത്തിയുടെ പേര് :SC വനിത തൊഴിൽ ശാല, മീറ്റിംങ്ങ് ഹാൾ ഇലക്ട്രിഫിക്കേഷൻ.

പ്രൊജക്റ്റ് നം : 18/15-16

അടങ്കൽ : 130000 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

പി.എ.സി :130000

ചെലവ് : 84509

വൌച്ചർ നം : 21501085/29.03.16

ബിൽ നം : 34/15-16/31.03.16

കരാറുകാരൻ : B അരവിന്ദാക്ഷൻ

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി :30.06.2015

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :13.7.2015

എഗ്രിമെന്റ് വെക്കേണ്ട തീയതി : 27.7.2015

എഗ്രിമെന്റ് വെച്ച തീയതി : 02.03.2016

ഈടാക്കേണ്ട പിഴ : 1300

ഈടാക്കിയ പിഴ : 0

ബാക്കി : 1300

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 12/14.11.2016ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 1300/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-3 പൊളിച്ചു മാറ്റിയ ബേസ്മെന്റിലെ കരിങ്കല്ല് സ്റ്റോക്കിലെടുത്തിട്ടില്ല. പഞ്ചായത്തിന് നിയമപ്രകാരം ലഭിച്ചിട്ടില്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി

പ്രവൃത്തിയുടെ പേര് : കുന്നുകാട് കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം

പ്രൊജക്റ്റ് നം : 130/15-16

അടങ്കൽ : 173000

ചെലവ് :165628

എം.ബുക്ക് നം : 2/15-16

ബിൽ നം : 66/15-16/31.3.2016

കരാറുകാരൻ : പത്മകുമാർ.കെ.കെ

കുന്നകാട് കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം എന്ന പദ്ധതിയ്ക്കുവേണ്ടി നിലവിലുണ്ടായിരുന്ന ബേസ്മെന്റ് പൊളിച്ചു നീക്കി ആ സ്ഥാനത്ത് കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തയാക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഇതിനു വേണ്ടി

ഇനം 16 പ്രകാരം 23.161 m3 കരിങ്കൽ ബേസ്മെന്റ് പൊളിച്ചു നീക്കിയതിന് 1165/m3 നിരക്കിൽ 26982.57 രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കരിങ്കല്ല് മറ്റു പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുകയോ ലേലം ചെയ്തു വില്ക്കുകയോ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. ഇവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി 14.11.2016 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഏകദേശം 10 M3 കരിങ്കല്ല് മാത്രമാണ് അവശേഷിക്കുന്നതായി കണ്ടെത്തിയത്. കൂടാതെ 165628 രൂപ ചെലവഴിച്ച് നിർമ്മിച്ച പ്രസ്തുത ടാങ്ക് സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചായത്തിന് കൈമാറിയിട്ടില്ലെന്നും ടാങ്ക് നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണെന്നും സ്ഥലം ഉടമ വ്യക്തമാക്കി. മാത്രമല്ല പഞ്ചായത്തിന് സ്ഥലം വിട്ടുകിട്ടിയതിന്റെ രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിന് രേഖാമൂലം വിട്ടുകിട്ടാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.ഇവ അന്വേഷണ വിധേയമാക്കേണ്ടതും സ്ഥലം പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 എസ്.സി.പി ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള നിർമ്മാണപ്രവർത്തനം കോളനിക്കു വെളിയിൽ നടത്തിയത് ക്രമവിരുദ്ധമാണ്

പ്രവൃത്തിയുടെ പേര് : കാഞ്ഞിരം കുന്നം അങ്കണവാടി നിർമ്മാണം

പ്രൊജക്റ്റ് നം :1156\15 ,107/16 (SCP)

അടങ്കൽ : 14,25,000

ചെലവ് : 13,67,396

നിർവ്വഹണം : അസി.എഞ്ചിനീയർ

കരാറുകാരൻ : കൃഷ്ണൻകുട്ടി

ബിൽ നം : 73\14-15 തീ. 26.3.2015

ബിൽ നം : 7\15-16 തീ. 9.7..2015

എസ്.സി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ കോളനിക്കകത്തുമാത്രമേ നിർവ്വഹിക്കാൻ പാടുള്ളു എന്ന് 12-)ം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കിയ കാഞ്ഞിരം കുന്നം അങ്കണവാടി നിർമ്മാണം എന്ന പദ്ധതി കോളനിക്കു പുറത്താണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച് 4/14.11.2016 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി ലഭിച്ചതുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.ഇത് അംഗീകരിക്കാവുന്നതല്ല. പദ്ധതി മാർഗ്ഗരേഖയ്ക്കു

വിരുദ്ധമായി ചെലവു ചെയ്തിട്ടുള്ളത് തുക വക മാറ്റി ചെലവു ചെയ്തതായി കണക്കാക്കുന്നതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പദ്ധതി നിർവ്വഹണം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്ക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ പഴയ മോട്ടോർ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന 2 കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിയുടെ ഭാഗമായി മോട്ടോറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.എന്നാൽ പഴയ മോട്ടോറുകൾ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല.

| പ്രവൃത്തിയുടെ പേര് | നീക്കം ചെയ്ത മോട്ടോർ |
|---|---|
| ചെവിടൻകാവ് കുടിവെള്ള പദ്ധതി | 10 HP |
| അയ്യപ്പൻകാവ് കുടിവെള്ളപദ്ധതി | 7.5HP |

ഇതു സംബന്ധിച്ച് 4/14.11.2016 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ചെവിടൻകാവ് കുടിവെള്ള പദ്ധതിയിലെ 10 HP മോട്ടോർ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും രശീതി ഉടൻ ലഭ്യമാക്കുന്നതാണെന്നും അയ്യപ്പൻകാവ് കുടിവെള്ളപദ്ധതി ഉടൻ പഞ്ചായത്തിന് കൈമാറുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത മോട്ടോറുകൾ റിപ്പയർ ചെയ്ത് ഉപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താൻ കഴിയാത്തപക്ഷം ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 മെറ്റലിങ് പ്രവൃത്തിക്കു മാത്രമായി പ്രൊജക്റ്റുകൾ ആവിഷ്കരിച്ചു.

ഒരു പദ്ധതി ഉപയോഗപ്രദമാകുന്നതിനുള്ള മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്താതെ ഭാഗികമായ ഇനങ്ങൾ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാൻ പാടില്ലെന്ന് 12-)ം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.അതായത് റോഡ് പ്രവൃത്തിയിൽ സെക്ഷനിങ് മുതൽ ടാറിങ് വരെയുള്ള ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തണം.എന്നാൽ ഈ പഞ്ചായത്തിൽ താഴെ പറയുന്ന പ്രവൃത്തികളിൽ മെറ്റലിങ് മാത്രം ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പേര് താഴെ കൊടുക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | പ്രൊ.നം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | നീലനാത്ത് റോഡ് മെറ്റല്ങ് | 116/16 | 195000 | 147482 |
| 2 | എ.കെ.ജി നഗർ റോഡ് മെറ്റല്ങ് | 44/16 | 224000 | 224000 |
| 3 | അക്ഷര നഗർ റോഡ് മെറ്റല്ങ് | 91/16 | 121000 | 121000 |
| 4 | ചെവിടൻകാവ് കനാൽ ബണ്ട് റോഡ് മെറ്റല്ങ് | 42/16 | 150000 | 150000 |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 യാത്രാ ബത്ത മുൻകൂർ കൈപ്പറ്റിയത് ക്രമീകരിച്ചിട്ടില്ല. ചെലവ്വ തുക 2000/- രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2015 മെയ് 15,16,17 എന്നീ തിയ്യതികളിൽ ICODD-2015 മീറ്റിംങ്ങിൽ പങ്കെടുക്കുന്നതിന് 14.05.15 ന് തിരുവനന്തപുരത്തേയ്ക്ക് യാത്ര ചെയ്തതിന് താഴെ പറയുന്ന വൌച്ചർ പ്രകാരം മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | വൌച്ചർ നം | തുക | കൈപ്പറ്റിയത്. | ചെക്ക് നം |
|---|---|---|---|---|
| 1 | 21500114/14.5.15 | 2000 | വിനോദ്കുമാർ.N<br>സെക്രട്ടറി | 13463/14.5.15 |
| | ആകെ | 2000/- | | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(e) note 1 പ്രകാരം കൈപ്പറ്റിയ യാത്രാ ബത്ത 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിച്ചിട്ടില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ യാത്രാ ബത്തയിനത്തിൽ മുൻകൂർ കൈപ്പറ്റിയ 2000/-രൂപ നിരാകരിക്കുന്നു.പ്രസ്തുത തുക നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കേണ്ടതാണ്.ഓഡിറ്റ് അന്വേഷണം നം.10/14.11.2016 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 തൊഴിൽ രഹിത വേതനം -അർഹതയില്ലാത്തവർക്ക്

## നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

താഴെപറയുന്ന ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം പേര് രജിസ്റ്റർ ചെയ്യുകയും 2014-15,2015-16 വർഷങ്ങളിൽ തൊഴിലുറപ്പ് പണിയിൽ പങ്കെടുക്കുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം 100 രൂപ വരുമാനം മാത്രമുള്ള ഗുണഭോക്താക്കൾക്കാണ് തൊഴിൽരഹിതവേതനത്തിന് അർഹതയുള്ളത്.1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ (GO(p)23/98/തൊഴിൽ തീ.28.05.98,GO(p)169/2009 /തൊഴിൽ തീ.13.12.2009.എന്നിവ പ്രകാരംഎം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ വേതനം കൈപ്പറ്റിയവരെ അർഹതാ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി ടിയാരി തൊഴിലുറപ്പു പണിയിൽ പങ്കെടുത്ത് വേതനം കൈപ്പറ്റിയതിന് പുറമെ തൊഴിൽരഹിത വേതനവും കൈപ്പറ്റിയിട്ടുണ്ട്.

ബിൽ നം 07/2015-16 തീ.24.08.15 തുക 54960/-രൂപ.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തൊഴിൽ കാർഡ് നമ്പർ | NREGSപ്രവൃത്തി നിർവ്വഹിച്ചത് (ദിവസങ്ങൾ) | | കൈപ്പറ്റിയ തൊഴിൽരഹിത വേതനം | |
|---|---|---|---|---|---|---|
| | | | 2014-15 | 2015-16 | 2014-15 | 2015-16 |
| 1 | പ്രീജ ആർ D/O രാജു കണക്കു വളപ്പ് ,തിരുവാലത്തൂർ | 15/29 | 26 -5512 രൂപ | 43-9847 രൂപ | - | 1200-(09/14 മുതൽ 06/15വരെ) |
| ആകെ | | | | | | 1200/- |

ഈ ഇനത്തിൽ നൽകിയ 1200രൂപ ബന്ധപ്പെട്ട ഗുണഭോക്താവിൽനിന്ന് ഈടാക്കാത്തപക്ഷം ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കുന്നതാണ്. ഓഡിറ്റ് അന്വേഷണം നം.11/14.11.2016 ന്ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക 1200/- രൂപ നിരാകരിക്കുന്നു .

## 3-9 ഒഴിവാക്കി

## 3-10 കമ്പ്യൂട്ടർ -വാങ്ങൽ -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ചെലവുതുക 139200/-രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തീക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ പേര് | വൗച്ചർ നമ്പർ തീയതി | തുക | വാങ്ങിയ സ്ഥാപനം | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|
| 28 /15-16 -പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ . | 21500588 /18.11.15 | 139200 | " IT Vision കൊല്ലങ്കോട് | 4 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ |
| ആകെ | | 139200 | | |

സർക്കാർ ഉത്തരവ് നമ്പർ 1838/2012/ത.സ്വ.ഭ.വ. തീയതി 03.07.2012 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും ഐ.കെ.എം. സ്പെസിഫിക്കേഷനോടുകൂടിയതേ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാങ്ങിയ കമ്പ്യൂട്ടറുകൾ ഐ.കെ.എം സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിനാൽ ചെലവുതുക 139200/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നം.7/14.11.2016 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 കെ.എസ്.ഇ.ബി.ഡെപ്പോസിറ്റ് പ്രവർത്തി -റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് ഭേദഗതി ചെയ്തിട്ടില്ല.ചെലവ് തുക 74795/-രൂപ തടസ്സപ്പെടുത്തുന്നു.

താഴെപറയുന്ന പ്രവർത്തികൾക്കായി വിവിധ കെ.എസ്.ഇ.ബി. അസി.എഞ്ചിനീയരുടെ (ഇലക്ട്രിക്കൽ) കാര്യാലയത്തിൽ തനതു ഫണ്ടിൽ നിന്നും തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവർത്തി നിർവ്വഹിക്കുന്ന തിന് മുൻപ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് ഭേദഗതി ചെയ്ത് ഡി.പി.സി.അംഗീകാരം വാങ്ങി യിട്ടില്ല.

| ക്രമ നം | വൗച്ചർ നം | തുക | പ്രവർത്തി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 21500562/3.11.15 | 19900 | ഉദയപാടം റോഡ് കോൺക്രീറ്റിംഗ്- പോസ്റ്റ് മാറ്റൽ | പ്രൊജക്ട് നം. 50/15-16 ൽ പോസ്റ്റ് മാറ്റൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2 | 21500847/1.2.16 | 13985 | സ്നേഹ നഗർ കോളനി ലൈൻമാറ്റൽ | പ്രൊജക്ട് നം. 136/15-16 ൽ ലൈൻ മാറ്റൽ ഉൾപ്പെടുത്തിയിട്ടില്ല |
| 3 | 21501026/23.3.16 | 40910 | കൊണ്ടിൽതറടേകോളനി അംഗൻവാടി- പോസ്റ്റ് മാറ്റൽ | പ്രൊജക്ട് നം. 66/15-16 ൽ ലൈൻ മാറ്റൽ ഉൾപ്പെടുത്തിയിട്ടില്ല |
| | ആകെ | 74795 | | |

12ാം പദ്ധതി മാർഗരേഖ (GO(ms)362/2013/ത.സ്വ.ഭ.വ.തീ.16.11.13 )ഖണ്ഡിക 11.13.11(b) അനുസരിച്ച്

ഒരു നിർമ്മാണ പ്രവർത്തിയ്ക്കായി KSEB യിൽ തുക മുൻകൂർ നൽകണമെങ്കിൽ പ്രവർത്തിയ്ക്കുള്ള എസ്റ്റിമേറ്റ് KSEB തന്നെ തയ്യാറാക്കി TS നൽകിയതിന് ശേഷം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതും ഗ്രാമപഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുകയും 10(c) അനുസരിച്ച് KSEB യുമായി കരാറിലേർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.14/14.11.2016യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 74795/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-12 KSEB ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവർത്തികൾക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ പാലക്കാട്, പുതുനഗരം എന്നീ അസി.എഞ്ചിനീയരുടെ കാര്യാലയത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം, പേര് | ബിൽ നം/തിയ്യതി. | തുക | വൗച്ചർ നം/ തിയ്യതി. |
|---|---|---|---|---|
| 1 | 26/15-16 വിവിധ SC കോളനികളിൽ തെരുവ് വിളക്കുകൾക്ക് ലൈൻ വലിയ്ക്കൽ . | 32/15-16 /31.3..16 | 199995 | 21501123/31.3.16 |
| | ആകെ | | 199995 | |

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം.9/14.11.2016)യ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

# 3-13 തെരുവ് വിളക്ക് AMC -കരാറുകാരനിൽ നിന്നും VAT, KCWWF എന്നിവ കുറവായി ഈടാക്കി.

പ്രൊജക്ട് നം – 06/15-16 തെരുവ് വിളക്ക് - അറ്റകുറ്റ പ്രവർത്തി AMC

അടങ്കൽ - 600000/-(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

- 300000/-തനതു ഫണ്ട്)

നിർവ്വഹണം -സെക്രട്ടറി

കരാറുകാരൻ - ജഗദീഷ് കുമാർ.

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2),സർക്കുലർ നം. 2173/C3 /97/ത.സ്വ.ഭ.വ. തീ. 18.03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി KCWWF-ൽ അടവാക്കേണ്ടതാണ്. വാണിജ്യ നികുതി കമ്മീഷണറുടെ 31.05.2011ലെ 5/2011 നമ്പർ സർക്കുലറിൽ കേന്ദ്ര വിൽപന

നികുതി നിയമ പ്രകാരം CST രജിസ്ട്രേഷൻ ഉള്ള കരാറികാരിൽ നിന്നും സർക്കാർ/ലോക്കൽ ബോഡികളിലെ കരാർ പ്രവർത്തികൾക്ക് 4% VAT ഈടാക്കേണ്ട താണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് താഴെ പറയുന്ന പ്രവർത്തികൾക്ക് തുക നൽകിയിരിക്കുന്നത്.

| ക്രമ നം | വൌച്ചർ നം | ബിൽ തുക | ഈടാക്കേണ്ട നികുതി | | | | ഈടാക്കിയ നികുതി | | | | കുറവ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | VAT 4% | IT 1% | KCW WF 1% | ആകെ | VAT 4% | IT 1% | KCW WF 1% | ആകെ | |
| 1 | 21500662/ 4.12.15 | 154732 | 6189 | 1547 | 1547 | 9283 | 4642 | 1547- | - | 6189 | 3094 |
| 2 | 2150098/ 27.1.16 | 257650 | 10306 | 2577 | 2577 | 15460 | 7730 | 2577- | - | 10307 | 5153 |
| 3 | 21500614/ 30.11.15 | 187618 | 7504 | 1876 | 1876 | 11256 | 5629 | 1876- | - | 7505 | 3751 |
| 4 | ആകെ | 600000 | 23999 | 6000 | 6000 | 35999 | 18001 | 6000- | - | 24001 | 11998 |

പ്രസ്തുത ബില്ലിൽ നിന്നും VAT, KCWWF എന്നിവ നിയമാനുസൃതം കുറവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/14.11.2016യ്ക്ക് മറുപടി ലഭ്യമാക്കി യിട്ടില്ല. ആയതിനാൽ കേന്ദ്ര -സംസ്ഥാന സർക്കാറുകളിലേക്ക് നികുതിയിനത്തിൽ അടിയന്തിരമായി തുകകൾ അടവാക്കേണ്ടതാണ്.

## 3-14 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല

2015-16 വർഷത്തിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്.

| ക്രമ നം | കൺസ്യൂമർ നം. | കുടിവെള്ള പദ്ധതി | പമ്പ് ഓപ്പറേറ്റർ | ദിവസ വേതനം | വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|---|
| 1 | 7740 | പാവൊടി | പഴനിമല,കൃഷ്ണമൂർത്തി @ 15 ദിവസം വീതം | 125/-രൂപ | 559337 |

| | | | | | |
|---|---|---|---|---|---|
| 2 | 12676 | ചെവിടൻകാവ് | സന്തോഷ് | 100 | രൂപ |
| 3 | 15778 | കനാൽ | രാജൻ | 100 | |
| 4 | 16807 | ആറ്റിങ്ങൽ | സ്വാമിനാഥൻ | 100 | |

സർക്കാർ ഉത്തരവ് (സാ .) 1275 /2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചി ട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 21 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 16 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 5 |
| 4. | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 21 |
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | ഒന്നുമില്ല |
| 6. | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 10 |
| 7. | വൈദ്യുതി ഉള്ളവ | 9 |
| 7. | കുടിവെള്ളം ലഭ്യമായവ | 21 |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 21 |
| 17. | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് | അതെ |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | |
| 18 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക നൽകുന്നത്. | സാമൂഹ്യ ക്ഷേമ വകുപ്പ്. |
| 19 | അങ്കണവാടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. | വൈദ്യുതി,ചുറ്റുമതിൽ,ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ,സ്ഥല ലഭ്യത ഇല്ലാത്തത്. |

സ.ഉ. നം.39033/ഡിസി2/2010/ത.സ്വ.ഭ.വ 3.09.10 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക ഉപയോഗിച്ച് അങ്കണവാടികളിൽ വൈദ്യുതീകരണം, ചുറ്റു മതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 522000 | നെൽകൃഷിക്ക് കൂലി ചെലവ് | 522000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 870000 | ,, | 870000 | 0 |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | എസ്.സി പ്രദേശങ്ങളിൽ വൈദ്യുത ലൈൻ നീട്ടൽ | 21501123/ 31.03.16 | 199995 | 199995 | 0 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ | 21500448/ 28.09.15 | 36760 | 36760 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | കുണ്ടിൽത്തറ അങ്കണവാടി വൈദ്യുതീകരണം | 21501026/ 23.03.16 | 40910 | 40910 | 0 |
| ,, | സ്നേഹനഗർ കോളനി പോസ്റ്റ് മാറ്റൽ | 21500847/ 01.02.16 | 13985 | 13985 | 0 |
| ,, | ഉദയംപാടം റോഡ് പോസ്റ്റ് മാറ്റൽ | 21500562/ 03.11.15 | 19900 | 19900 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5004/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-2 | 4500 | പത്മകുമാർ.കെ.കെ കോൺട്രാക്ടർ | 11501101393/ 9.07.15 |
| 2012-13 | 3-18 | 504 | ഹരിദാസൻ.കെ സെക്രട്ടറി | 11501105394/ 17.03.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43540170 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50988165 |
| വരവിനങ്ങളിലുള്ള നഷ്ടം | 2220 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7829 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 213995 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2220 | | വിനോദ്കുമാർ.എൻ, സെക്രട്ടറി |
| 3-1 | | 1485 | നിർമ്മല.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2<br>(1)<br>(2) | | 1844<br>1300<br>3144 | 1844-നിർമ്മല.കെ അസിസ്റ്റന്റ് എഞ്ചിനീയർ<br>1300-വിനോദ്കുമാർ.എൻ, സെക്രട്ടറി |
| 3-7 | | 2000 | വിനോദ്കുമാർ.എൻ, സെക്രട്ടറി |
| 3-8 | | 1200 | വിനോദ്കുമാർ.എൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 139200 | വിനോദ്കുമാർ.എൻ, സെക്രട്ടറി |
| 3-11 | 74795 | വിനോദ്കുമാർ.എൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക - 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനോദ്കുമാർ, സെക്രട്ടറി | സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത് | കൃഷ്ണകാരുണ്യ<br>വെസ്റ്റ് തറ, കൊല്ലങ്കോട്, പാലക്കാട് |
| നിർമ്മല.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കൊടുമ്പ് ഗ്രാമപഞ്ചായത്ത് | ഹരിത ഗാർഡൻസ്,<br>സദ്ഗുരു യോഗാ ശ്രമത്തിന് എതിർവശം, വിളയോടി പി ഒ, പാലക്കാട് 678103. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | LF.P7-748/89/7.6.01 | ഫർദർ റിമാർക്സ് |
| 1998-99 | LF.P7-648/01/7.7.01 | സർചാർജ് പ്രൊപ്പോസൽ |
| 1999-00 | LF.P7-793/04/5.11.05 | ഫർദർ റിമാർക്സ് |
| 2000-01 | LF.P7-793/04/5.11.05 | ഫർദർ റിമാർക്സ് |
| 2001-02 | LF.P7-762/06/19.2.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | LF.P7-762/06/19.2.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.2091/Spl.Cell/ 22.7.08 | തുക ഈടാക്കുന്നത് സംബന്ധിച്ച് |
| 2004-05 | LF.P15-1511/10 | ശുദ്ധിപത്രം |
| 2005-06 | LF.P15-1345/10/ 18.11.10 | ഫർദർ റിമാർക്സ് |
| 2006-07 | LF.P15-1607/12/ 10.9.12 | ഖ.3(5) സാധൂകരണം |
| 2007-08 | LF.P15-1749/11/ 26.12.11 | സർചാർജ് പ്രൊപ്പോസൽ |
| 2008-09 | LF.P15-1605/12/ 23.12.12 | സർചാർജ് പ്രൊപ്പോസൽ |
| 2009-10 | LF.P15-946/14/ 03.09.14 | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |
| 2010-11 | LF.P15-946/14/ 03.09.14 | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |
| 2011-12 | LF.P15-946/14/ 03.09.14 | ഫർദർ റിപ്പോർട്ട്/ സർചാർജ് ശുപാർശ |

| | | |
|---|---|---|
| 2012-13 | LF.P15-2250/14/ 09.03.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14& 2014-15 | KSAPKD15/591/2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# 1

## അനുബന്ധം

നം.കെ.എസ്.എ-പികെഡി-**14-24 /2017**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി. 29-12 -2016

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 31.3.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുമ്പ് ഗ്രാമപഞ്ചായത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1. സ്ഥാവര ജംഗമ ആസ്തികൾ, ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

2. വസ്തുനികുതി തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD14/24/2017

Kerala State Audit Department

District Audit Office, Palakkad

Date – 29-12-2017

**Audit Certificate**

Certified that I have audited the Annual Financial Statement of **Kodumbu** Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kodumbu** Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset values not ascertained and linked with Sankhya.
2. The Demand Registers for Property tax is not reconciled with Annual Financial Statement

Deputy Director